**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268** **29-01-2024 - ൽ മറുപടിയ്ക്ക്**

**വയനാട് മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനായി ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | **12/02/2021-ലെ സ.ഉ.(കൈ)32/2021/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം മാനന്തവാടി/ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രിയായി മാറ്റിക്കൊണ്ട് വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കാൻ അനുമതി നൽകുകയുണ്ടായി. തുടർന്ന് 19/02/2021-ലെ സ.ഉ(കൈ)നം.45/2021/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് ആവശ്യമായ 140 തസ്തികകൾ സൃഷ്ടിക്കുകയും ടി തസ്തികകളിൽ നിയമന ഉത്തരവുകളും നൽകുകയുണ്ടായി. സർക്കാർ നൽകിയ അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മെഡിക്കൽ കോളേജിൽ 2023-24 അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കാൻ കേരള ആരോഗ്യ സർവ്വകലാശാല അനുമതി നൽകിയിരുന്നു. NMC ചൂണ്ടി കാണിച്ചിരുന്ന അപര്യാപ്തതകൾ പരിഹരിച്ച് കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത മെഡിക്കൽ കോളേജിനായി പുതിയ കെട്ടിടം പണിയുന്നതിനായി കണ്ടെത്തിയിട്ടുള്ള ബോയ്സ് ടൗണിലെ ഭൂമി കോടതി വ്യവഹാരത്തിലായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നില്ല എന്ന അവസ്ഥയും നിലവിലുണ്ട്. ഇക്കാര്യത്തിൽ അനുകൂല നിലപാടിനായി സർക്കാർ ബഹു.സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ബഹു.കോടതിയിൽ നിന്നും അനുകൂല നിലപാട് ലഭ്യമാകുന്ന പക്ഷം കെട്ടിടനിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.** |
| (ബി) | നിലവിൽ വയനാട് മെഡിക്കൽ കോളേജ് പ്രവർത്തിച്ചു വരുന്ന സ്ഥലത്ത് മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാണോ; വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ